**പതിനാലാം കേരള നിയമസഭ**

**പത്തൊമ്പതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.**1218** — 05.03.2020 -ൽ മറുപടിയ്ക്ക്

**സ്മാർട്ട് വില്ലേജ് ഓഫീസുകൾ**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ.രാജു എബ്രഹാം : | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) വില്ലേജ് ഓഫീസുകളെ സ്മാർട്ട് ആക്കുന്നതിന് ഉള്ള നടപടികൾ ഏത് ഘട്ടം വരെയായി; സംസ്ഥാനത്തെ എത്ര വില്ലേജ് ഓഫീസുകളെ ഇതുവരെ സ്മാർട്ട് ആക്കിയെന്ന് അറിയിക്കാമോ; | (എ) സംസ്ഥാനത്ത് 2013-14 സാമ്പത്തിക വർഷം മുതലാണ് സ്മാർട്ട് വില്ലേജാഫീസ് പദ്ധതി നിലവിൽ വന്നത്. 2013-14 മുതൽ 2019-20 സാമ്പത്തിക വർഷം വരെ ആകെ 180 വില്ലേജാഫീസുകൾക്കാണ്, ടി പദ്ധതി പ്രകാരം ആധുനിക രീതിയിലുള്ള കെട്ടിടങ്ങളും അനുബന്ധ ഭൗതിക സാഹചര്യങ്ങളുമൊരുക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുള്ളത്. സംസ്ഥാനത്തെ സ്മാർട്ട് വില്ലേജ് ഓഫീസുകളുടെ പേര് വിവരങ്ങൾ അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. |
| (ബി) വില്ലേജ് ഓഫീസുകൾ സ്മാർട്ട് ആക്കുന്നതിന്റെ ലക്ഷ്യങ്ങൾ എന്തൊക്കെയാണ്; ജനങ്ങൾക്ക് ഏതൊക്കെ തരത്തിലുള്ള സേവനങ്ങളാണ് ഇതുമൂലം അധികമായി ലഭിക്കുന്നതെന്ന് വിശദമാക്കാമോ; | (ബി) സംസ്ഥാനത്തെ റവന്യൂ ഓഫീസുകളെ ജനസൗഹൃദ ഓഫീസുകളാക്കി മാറ്റി അവയിൽ നിന്ന് വേഗത്തിലും (Speedy) ആധുനിക രീതിയിലുള്ള അന്തരീക്ഷത്തിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുക എന്ന ഉദ്ദേശത്തോടുകൂടിയാണ് (SMART) സ്മാർട്ട് റവന്യൂ ആഫീസ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ഇതനുസരിച്ച് ആധുനിക സൗകര്യങ്ങളോടു കൂടിയ കെട്ടിടങ്ങളും ഇ-ഗവേണൻസിന്റെ സഹായത്തോടുകൂടി വില്ലേജ് ഓഫീസുകളിൽ നിന്നുള്ള സേവനങ്ങൾ പൗരന് ഏത് സമയത്തും, എവിടെവച്ചും (Any time Anywhere) ലഭ്യമാക്കുന്നതിനുള്ള |

| | | | |
|---|---|---|---|
| | | | സൗകര്യങ്ങളാണ് സ്മാർട്ട് വില്ലേജ് ഓഫീസുകളിൽ ഒരുക്കുന്നത്. സംസ്ഥാനത്ത് ഇതുവരെ 180 വില്ലേജാഫീസുകൾക്കാണ് സ്മാർട്ട് നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള നിർമ്മാണ പ്രവൃത്തികൾക്കായി ഭരണാനുമതി നൽകിയിട്ടുള്ളത്. വില്ലേജ് ഓഫീസുകളിലെ നടപടിക്രമങ്ങൾ സുതാര്യമാക്കുന്നതിനും വിവര സാങ്കേതിക വിദ്യയുടെ സഹായത്താൽ വില്ലേജ് ഓഫീസുകൾ ആധുനികവത്കരിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ നടത്തുന്ന ആധുനിക വൽക്കരണ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം-2 ആയി ചേർത്തിട്ടുണ്ട്. |
| (സി) | പത്തനംതിട്ട ജില്ലയിലെ ഏതൊക്കെ വില്ലേജ് ഓഫീസുകളെയാണ് ഇപ്പോൾ സ്മാർട്ട് വില്ലേജ് ഓഫീസുകൾ ആക്കി മാറ്റിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | പത്തനംതിട്ട ജില്ലയിലെ മലയാലപ്പുഴ, പന്തളം, വള്ളിക്കോട്, തണ്ണിത്തോട്, കുരമ്പാല, തുമ്പമൺ, മൈലപ്ര, ഇരവിപേരൂർ, അയിരൂർ, ഏനാത്ത്, പഴവങ്ങാടി, ഏനാദിമംഗലം എന്നീ വില്ലേജ് ഓഫീസുകളെയാണ് ഇപ്പോൾ സ്മാർട്ട് വില്ലേജ് ഓഫീസുകൾ ആക്കി മാറ്റിയിരിക്കുന്നത്. |

[signature]

**സെക്ഷൻ ഓഫീസർ**

അനുബന്ധം - 1

2013 -14

| ക്രമ നം. | ജില്ല | വില്ലേജ് |
|---|---|---|
| 1 | തിരുവനന്തപുരം | തൈക്കാട് |
| 2 | കൊല്ലം | തൃക്കോവിൽവട്ടം |
| 3 | പത്തനംതിട്ട | മലയാലപ്പുഴ |
| 4 | ആലപ്പുഴ | തിരുവൻവണ്ടൂർ |
| 5 | കോട്ടയം | ചങ്ങനാശ്ശേരി |
| 6 | ഇടുക്കി | ഇടുക്കി |
| 7 | എറണാകുളം | ആലുവ വെസ്റ്റ് |
| 8 | തൃശ്ശൂർ | അരണാട്ടുകര |
| 9 | പാലക്കാട് | വടകരപ്പതി |
| 10 | കോഴിക്കോട് | നഗരം |
| 11 | മലപ്പുറം | അമരമ്പലം |
| 12 | വയനാട് | നൂൽപ്പുഴ |
| 13 | കണ്ണൂർ | കുത്തുപറമ്പ് |
| 14 | കാസറഗോഡ് | കാസറഗോഡ് ഗ്രൂപ്പ് |

2014-15

| ക്രമ നം. | ജില്ല | വില്ലേജ് |
|---|---|---|
| 1 | തിരുവനന്തപുരം | നാവായിക്കുളം |
| 2 | കൊല്ലം | പേരയം |
| 3 | കൊല്ലം | പടിഞ്ഞാറേ കല്ലട |
| 4 | പത്തനംതിട്ട | പന്തളം |
| 5 | ആലപ്പുഴ | അർത്തുങ്കൽ |
| 6 | കോട്ടയം | ചെമ്പ് |
| 7 | പാലക്കാട് | കരിമ്പുഴ I |
| 8 | വയനാട് | ചെറുകാട്ടൂർ |
| 9 | കണ്ണൂർ | പെരിങ്ങളം |
| 10 | കണ്ണൂർ | ഉദയഗിരി |
| 11 | കണ്ണൂർ | തൃപ്പങ്ങോട്ടൂർ (എം.എൽ.എ. ഫണ്ട്) |

2015-16

| ക്രമ നം. | ജില്ല | വില്ലേജ് |
|---|---|---|
| 1 | തിരുവനന്തപുരം | പള്ളിപ്പുറം |
| 2 | തിരുവനന്തപുരം | മാറനല്ലൂർ |
| 3 | തിരുവനന്തപുരം | കള്ളിക്കാട് |
| 4 | പത്തനംതിട്ട | വള്ളിക്കോട് |
| 5 | പത്തനംതിട്ട | തണ്ണിത്തോട് |
| 6 | ആലപ്പുഴ | കൃഷ്ണപുരം |
| 7 | ആലപ്പുഴ | കഞ്ഞിക്കുഴി |
| 8 | എറണാകുളം | ഐരാപുരം |
| 9 | പാലക്കാട് | തെക്കേദേശം |

2016-17

| ക്രമ നം | ജില്ല | വില്ലേജിന്റെ പേര് |
|---|---|---|
| 1 | തിരുവനന്തപുരം | കഠിനംകുളം |
| 2 | കൊല്ലം | തഴുത്തല |
| 3 | കോട്ടയം | നെടുങ്കുന്നം |
| 4 | തൃശ്ശൂർ | ചെറുതുരുത്തി |
| 5 | പാലക്കാട് | കണ്ണാമ്പ്ര- 11 |
| 6 | കോഴിക്കോട് | പന്തീരാങ്കാവ് |
| 7 | കാസർഗോഡ് | വലിയപറമ്പ് |

2017-18

| ജില്ല | വില്ലേജ് |
|---|---|
| തിരുവനന്തപുരം | 1) ചെറുവയ്ക്കൽ<br>2) കടയ്ക്കാവൂർ<br>3) പട്ടം |
| കൊല്ലം | 4) ചണ്ണപ്പേട്ട<br>5) ഓച്ചിറ<br>6) എഴുകോൺ |
| പത്തനംതിട്ട | 7) കുരമ്പാല<br>8) കുമ്പമൺ<br>9) മൈലപ്ര |

| | |
|---|---|
| ആലപ്പുഴ | 10) പട്ടണക്കാട്<br>11) പാണാവള്ളി<br>12) വള്ളികുന്നം |
| കോട്ടയം | 13) വടക്കേമുറി<br>14) വാഴൂർ<br>15) ഉദയനാപുരം |
| ഇടുക്കി | 16) പെരിയാർ<br>17) ഏലപ്പാറ<br>18) അണക്കര |
| എറണാകുളം | 19) മുളവൂർ<br>20) ചൂർണ്ണിക്കര<br>21) വെള്ളൂർകുന്നം |
| തൃശ്ശൂർ | 22) പീച്ചി<br>23) വെള്ളിക്കുളങ്ങര<br>24) എറിയാട് |
| പാലക്കാട് | 25) ഓങ്ങല്ലൂർ-2<br>26) കൊങ്ങാട്-2<br>27) തൃത്താല |
| കോഴിക്കോട് | 28) കൊഴക്കല്ലൂർ<br>29) മൂടാടി |
| മലപ്പുറം | 30) മൂത്തേടം<br>31) തൃക്കണ്ടിയൂർ |
| വയനാട് | 32) കുപ്പാടി<br>33) കൽപ്പറ്റ |
| കണ്ണൂർ | 34) ചൊക്ളി<br>35) ന്യൂ നടുവിൽ<br>36) തിരുമേനി |
| കാസർഗോഡ് | 37) ബേളൂർ<br>38) കള്ളാർ<br>39) വോർക്കാടി |

## 2018-19

| ജില്ല | | വില്ലേജ് |
|---|---|---|
| തിരുവനന്തപുരം | 1 | പരശുവയ്ക്കൽ |
| | 2 | കരുപ്പൂര് |
| | 3 | നേമം |
| | 4 | നഗരൂർ |
| കൊല്ലം | 5 | ശൂരനാട് വടക്ക് |
| | 6 | ഇടമൺ |
| | 7 | വെളിയം |
| | 8 | വെളിനല്ലൂർ |
| | 9 | തലവൂർ |
| പത്തനംതിട്ട | 10 | ഇരവിപേരൂർ |
| | 11 | അയിരൂർ |
| | 12 | ഏനാത്ത് |
| ആലപ്പുഴ | 13 | ചിങ്ങോലി |
| | 14 | അമ്പലപ്പുഴ വടക്ക് |
| | 15 | അരൂക്കുറ്റി |
| കോട്ടയം | 16 | തലയാഴം |
| | 17 | എരുമേലി വടക്ക് |
| | 18 | പേരൂർ |
| ഇടുക്കി | 19 | ഇരട്ടയാർ |
| | 20 | കാഞ്ചിയാർ |
| | 21 | കഞ്ഞിക്കുഴി |
| എറണാകുളം | 22 | കാക്കനാട് |
| | 23 | ആലുവ ഈസ്റ്റ് |
| | 24 | തോപ്പുംപടി |
| | 25 | പോത്താനിക്കാട് |
| തൃശ്ശൂർ | 26 | പാണഞ്ചേരി |
| | 27 | കടങ്ങോട് |
| | 28 | മടത്തുംപടി |
| | 29 | തളിക്കുളം |
| | 30 | ഗുരുവായൂർ |
| പാലക്കാട് | 31 | ശ്രീകൃഷ്ണപുരം |
| | 32 | വെള്ളിനേഴി |
| | 33 | മണ്ണാർക്കാട്-1 |

| | | |
|---|---|---|
| മലപ്പുറം | 34 | മലപ്പുറം |
| | 35 | വെട്ടം |
| | 36 | പുറത്തൂർ |
| | 37 | വഴിക്കടവ് |
| കോഴിക്കോട് | 38 | കീഴരിയൂർ |
| | 39 | കട്ടിപ്പാറ |
| | 40 | കായണ്ണ |
| വയനാട് | 41 | മാനന്തവാടി |
| | 42 | കോട്ടപ്പാടി |
| കണ്ണൂർ | 43 | ചെങ്ങളായി |
| | 44 | പട്ടുവിലായി |
| | 45 | കല്യാശ്ശേരി |
| | 46 | മക്രേരി |
| കാസർഗോഡ് | 47 | ചിത്താരി |
| | 48 | പരപ്പ |
| | 49 | ചെറുവത്തൂർ |
| | 50 | ഹൊസബെട്ടു |

സ്മാർട്ട് റവന്യൂ

## 2019-20

| ജില്ല | ക്രമ നം. | വില്ലേജ് |
|---|---|---|
| തിരുവനന്തപുരം | 1 | കടവൂർ |
| | 2 | വിളപ്പിൽ |
| | 3 | കുന്നത്തുകാൽ |
| | 4 | വക്കം |
| | 5 | ബാലരാമപുരം |
| | 6 | വിതുര |
| | 7 | മടവൂർ |
| കൊല്ലം | 8 | അയണിവേലിക്കുളങ്ങര |
| | 9 | തെന്മല |
| | 10 | കുമ്മിൾ |
| | 11 | കളക്കട |
| | 12 | മൈനാഗപ്പള്ളി |
| | 13 | പുന്നല |
| പത്തനംതിട്ട | 14 | പഴവങ്ങാടി |
| | 15 | ഏനാദിമംഗലം |
| ആലപ്പുഴ | 16 | ചേർത്തല തെക്ക് |
| | 17 | പത്തിയൂർ |
| | 18 | പാണ്ടനാട് |
| കോട്ടയം | 19 | വെച്ചൂർ |
| | 20 | വെള്ളാവൂർ |
| എറണാകുളം | 21 | വാരാപ്പുഴ |
| | 22 | ചേലമറ്റം |
| | 23 | പുത്തൻകുരിശ് |
| | 24 | തിരുമാറാടി |
| തൃശ്ശൂർ | 25 | തൃശ്ശൂർ |
| | 26 | ശ്രീനാരായണപുരം |
| | 27 | കരുവിലശ്ശേരി |
| | 28 | വെങ്ങാനല്ലൂർ |
| | 29 | തൃക്കൂർ |
| | 30 | അതിരപ്പള്ളി |
| | 31 | പാവറട്ടി |

സ്മാർട്ട് റവന്യൂ

| | | |
|---|---|---|
| പാലക്കാട് | 32 | തിരുവേഗപ്പുറ |
| | 33 | മാത്തൂർ- 2 |
| | 34 | പുതുക്കാട് ഈസ്റ്റ് |
| | 35 | മൂലത്തറ |
| | 36 | പുതൂർ |
| മലപ്പുറം | 37 | മേൽമുറി |
| | 38 | എടപ്പറ്റ |
| കോഴിക്കോട് | 39 | കായക്കടി |
| | 40 | ചേളന്നൂർ |
| കണ്ണൂർ | 41 | എളയാവൂർ |
| | 42 | ധർമ്മടം |
| | 43 | കൂടാളി |
| | 44 | ആറളം |
| | 45 | മലപ്പട്ടം |
| കാസർഗോഡ് | 46 | മാലോത്ത് |
| | 47 | പുല്ലൂർ |
| | 48 | കടമ്പാർ |
| | 49 | വെസ്റ്റ് എളേരി |
| | 50 | കുംബഡാജെ |

സെക്ഷൻ ഓഫീസർ

അനുബന്ധം - 2

**1. ഇ-ഡിസ്ട്രിക്ട്**

വില്ലേജ് ഓഫീസുകളിൽ നിന്നും പൊതുജനങ്ങൾക്കാവശ്യമുള്ള വിവിധ സർട്ടിഫിക്കറ്റുകൾ വേഗത്തിലും സുതാര്യമായും ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ഇ-ഡിസ്ട്രിക്ട് പദ്ധതി. ഇതുവഴി പൊതുജനങ്ങൾക്ക് വില്ലേജ് ഓഫീസുകളിൽ വരാതെ തന്നെ സർട്ടിഫിക്കറ്റുകൾ ലഭ്യമാകുന്നു. ആയതിനാൽ വില്ലേജ് ഓഫീസുകളിലെ തിരക്ക് കുറയ്ക്കുന്നതിന് സഹായകമാണ് പ്രസ്തുത പദ്ധതി.

**2. ആർ.ആർ ഓൺലൈൻ**

റവന്യൂ റിക്കവറി പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി നിലവിലുള്ള ഓഫ് ലൈൻ, ഓൺലൈൻ സംവിധാനങ്ങൾ സംയോജിപ്പിച്ച് റിക്വിസിഷൻ ഓഫീസ് മുതൽ വില്ലേജ് തലം വരെ ബന്ധിപ്പിക്കുന്ന പദ്ധതിയായാണ് ഇത് ആവിഷ്കരിച്ചിട്ടുള്ളത്. ഏത് തലത്തിലുള്ള കലക്ടറ്റ്, താലൂക്ക്, വില്ലേജ് തലത്തിലുള്ള ഉദ്യോഗസ്ഥർക്ക് ലോഗ് ഇൻ ചെയ്ത് ഏതെങ്കിലും ഒരു കേസിന്റെ വിവരം വളരെ എളുപ്പത്തിൽ കണ്ടെത്തുന്നതിന് ഈ പദ്ധതി വളരെയേറെ സഹായകമാണ്.

**3.സംയോജിത ഓൺലൈൻ പോക്കുവരവ് (Online Mutation)**

ഭൂസംബന്ധമായി റവന്യൂ, രജിസ്ട്രേഷൻ, സർവ്വെ വകുപ്പുകൾ നൽകുന്ന സേവനങ്ങളെ പരസ്പരം ബന്ധപ്പെടുത്തി, കൈമാറ്റം ചെയ്യപ്പെടുന്ന ഭൂമിയുടെ പോക്കുവരവ് ഓൺലൈൻ മുഖേന സാധ്യമാക്കുന്നു. ആധുനിക വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ വസ്തുവിന്റെ പോക്കുവരവ് നടപടികൾ വേഗത്തിലും സുതാര്യമായും കുറ്റമറ്റ രീതിയിലും നടപ്പിലാക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുക എന്ന ഉദ്ദേശ ലക്ഷ്യത്തോടുകൂടിയാണ് സംയോജിത ഓൺലൈൻ പോക്കുവരവ് പദ്ധതി നടപ്പിലാക്കുന്നത്.

**4. ഇ-പേയ്മെന്റ്**

സംസ്ഥാനത്ത് സംയോജിത ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പിലാക്കിയിട്ടുള്ള വില്ലേജുകളിൽ അടയ്ക്കാവുന്ന എല്ലാ പേയ്മെന്റുകളും ഓൺലൈൻ വഴി ഒടുക്കുന്നതിനുള്ള ഇ-പേയ്മെന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

**5. ഇ-പോസ് മെഷീൻ**

ഡിജിറ്റൽ പണമിടപാട് പ്രോത്സാഹിപ്പിക്കുക എന്ന സർക്കാർ നയത്തിന്റെ ഭാഗമായി റവന്യൂ വകുപ്പിലെ എല്ലാ വില്ലേജ് ഓഫീസുകളിലും ഇ-പോസ് മെഷീനുകൾ സ്ഥാപിച്ച് വിവിധ തരത്തിലുള്ള നികുതികൾ സ്വീകരിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. നിലവിൽ 1128 വില്ലേജുകളിൽ ഇ-പോസ് മെഷീനുകൾ സ്ഥാപിച്ചിട്ടുള്ളതാണ്. 1,44,68,736/- രൂപ നാളിതുവരെയായി ഇ-പോസ് മെഷീൻ മുഖേന നികുതിയായി സ്വീകരിച്ചിട്ടുള്ളതാണ്, ഇ-പോസ് വഴി സ്വീകരിക്കുന്ന തുക ഉടനടി തന്നെ സർക്കാർ ഖജനാവിലേക്ക് എത്തുന്നു എന്നതാണ് ഈ പദ്ധതിയുടെ ഏറ്റവും വലിയ നേട്ടം.

വില്ലേജ് ഓഫീസുകൾ ജനസൗഹൃദമാക്കുന്നതിന് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാൻഡ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റിൽ വിവിധ ട്രെയിനിംഗുകൾ നൽകുന്നുണ്ട്. ഈ സ്ഥാപനത്തിൽ എല്ലാ ജില്ലകളിലെയും തെരഞ്ഞെടുത്ത വില്ലേജ് ജീവനക്കാർ ഉൾപ്പെടെയുള്ള റവന്യൂ ജീവനക്കാർക്ക് എല്ലാ മാസവും വ്യത്യസ്ത വിഷയങ്ങളിൽ ട്രെയിനിംഗ് നൽകുന്നുണ്ട്. വില്ലേജ് ഓഫീസർമാർക്ക് PEOPLE FRIENDLY ADMINISTRATION എന്ന വിഷയത്തിൽ രണ്ട് ദിവസത്തെ ട്രെയിനിംഗ് നൽകി വരുന്നു. വില്ലേജ് ഓഫീസറാവാൻ പോകുന്ന സ്പെഷ്യൽ വില്ലേജ് ഓഫീസർ/സീനിയർ ക്ലാർക്കുമാർക്ക് Prospective VO Refreshing Training എല്ലാ മാസവും ILDM-ൽ നൽകി വരുന്നുണ്ട്. വില്ലേജ് ഓഫീസർമാർക്ക് SOFT SKILL എന്ന വിഷയത്തിൽ രണ്ട് ദിവസത്തെ ട്രെയിനിംഗ് ILDM -ൽ നൽകി വരുന്നുണ്ട്. പുതിയതായി ജോലിയിൽ പ്രവേശിക്കുന്ന ക്ലാർക്ക്/വില്ലേജ് ഫീൽഡ് അസിസ്റ്റന്റ്മാർക്ക് അഞ്ച് ദിവസത്തെ INDUCTION TRAINING കോഴ്സ് നടത്തുന്നുണ്ട്. മേൽ കോഴ്സുകൾ കൂടാതെ വിവിധ റവന്യൂ വിഷയങ്ങളിൽ ILDM ൽ കോഴ്സുകൾ എല്ലാ മാസവും നടത്തി വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ